# STD - X

## അദ്ധ്യാപക സഹായി

**പാഠം - ഒമ്പത്** **ഭാഗം - ഒന്ന്**

## യുവജനങ്ങളും കൂട്ടായ്മയുടെ കൂദാശകളും

### ലക്ഷ്യം

ദൈവവിളിയുടെ പ്രോത്സാഹനം

ദൈവജനത്തിന്റെ രൂപീകരണത്തിനും ദൈവരാജ്യത്തിന്റെ നിർമ്മിതിക്കും അതുവഴി നിത്യരക്ഷയിലേക്കും നയിക്കുന്ന കൂദാശകളാണ് തിരുപ്പട്ടവും വിവാഹവും. ഓരോ വ്യക്തിയെക്കുറിച്ചും സർവ്വശക്തനായ ദൈവത്തിന് ഒരു പദ്ധതിയുണ്ട്. നമ്മെക്കുറിച്ചുള്ള (ജീവിതാന്തസ്സിനെ) ദൈവത്തിന്റെ പദ്ധതി തിരിച്ചറിയാം.

ഈശോയുടെ പ്രതിനിധികളായ വൈദികരെ ഞാൻ ബഹുമാനിക്കുകയും എന്നും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും.

തിരുപ്പട്ടവും വിവാഹവും ദൈവവിളികളാണ്. എന്റെ ജീവിതാന്തസ്സ് എന്തെന്നു തെരഞ്ഞെടുക്കുവാൻ, ദൈവത്തിന്റെ ഇഷ്ടം ഞാൻ തേടും.

### പഠനസഹായികൾ

* ബൈബിൾ: മർക്കോസ് 16:15
* ചിത്രങ്ങൾ - പാപ്പാ - മെത്രാൻ - പുരോഹിതൻ - ഡീക്കൻ
* തിരുപ്പട്ട ചിത്രങ്ങൾ - വീഡിയോ
* വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ ചിത്രം

### പാഠത്തിന്റെ ഉള്ളടക്കം

* ഒരു പുരോഹിതൻ ആരാണ്? സഭയിൽ പുരോഹിതന്റെ ധർമ്മങ്ങൾ എന്തെല്ലാമാണ്? എന്ന് വിശദീകരിക്കുകയാണ് ഈ പാഠത്തിന്റെ ഉദ്ദേശ്യം. ഈശോയുടെ പ്രതിനിധികളായ വൈദികരോടുള്ള ആദരവും ബഹുമാനവും കുട്ടികളിൽ വളർത്തുവാനും പൗരോഹിത്യ ദൈവവിളിയിലേക്കുള്ള താല്പര്യം അവരിൽ ഉണർത്തുവാനും സഹായകമാകുന്ന രീതിയിൽ പാഠം അവതരിപ്പിക്കാൻ നമുക്കു കഴിയണം.
* തിരുപ്പട്ടം എന്ന പദം - വിശുദ്ധ പദവി
* ദൈവജനത്തെയും മാനവസമൂഹത്തെയും ശുശ്രൂഷിക്കുന്നവർ.
* ക്രിസ്തു നിർവഹിച്ചതും, അപ്പോസ്തലന്മാരെ ഏൽപ്പിച്ചതുമായ കൂദാശ
* ദൈവം തെരഞ്ഞെടുത്ത പുരോഹിതഗണം - ലേവ്യവംശം
* സഭയുടെ ശക്തമായ അടിത്തറ - തിരുപ്പട്ടം

* മെൽക്കി സെദേക്ക് - അബ്രാഹാമിനേക്കാൾ അഹറോനേക്കാൾ ഉന്നതൻ
* ദൈവമനുഷ്യബന്ധത്തിലെ ഏക മധ്യസ്ഥൻ
* പ്രബോധന ധർമ്മം - സുവിശേഷ പ്രഘോഷണം
* ആരാധന ധർമ്മം - കൂദാശ വഴി ദൈവജനത്തെ സഭയോട് രമ്യപ്പെടുത്തൽ
* അജപാലനം - കുടുംബങ്ങളെ സ്നേഹത്തിലും കൂട്ടായ്മയിലും പടുത്തുയർത്തുക.
* തിരുപ്പട്ട കൂദാശയുടെ മൂന്നു പദവികൾ
* ബ്രഹ്മചര്യത്തിന്റെ പരസ്യപ്രഖ്യാപനം
* ഫലങ്ങൾ:- കഴിവ്, സ്നേഹം, ശക്തി എന്നിവ ലഭിക്കുന്നു.

## പ്രാർത്ഥന

സ്നേഹപിതാവേ, ദൈവവിളിയിലൂടെ ഞങ്ങളെക്കുറിച്ചുള്ള അങ്ങേ പദ്ധതി തിരിച്ചറിഞ്ഞ് തിരുസഭയുടെ വളർച്ചയിൽ പങ്കുകാരാകുവാൻ വേണ്ട കൃപ നൽകി ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## Note:

1. തിരുപ്പട്ട കൂദാശയെക്കുറിച്ചുള്ള ഈ പാഠം വൈദികരുടെ മധ്യസ്ഥനായ വിയാനി പുണ്യവാന്റെ വാക്കുകളില്ലാതെ എങ്ങനെയാണ് പൂർത്തീകരിക്കുക. തിരുപ്പട്ടം എന്ന കൂദാശ ഇല്ലായിരുന്നുവെങ്കിൽ നമുക്കിന്ന് കർത്താവ് ഉണ്ടാകില്ലായിരുന്നു. ആരാണ് സക്രാരിയിൽ അവിടുത്തെ എഴുന്നള്ളിച്ചുവച്ചത്? - പുരോഹിതൻ
2. ജീവിതാരംഭത്തിൽ നിന്റെ ആത്മാവിനെ കഴുകി സ്വീകരിച്ചത് ആരാണ്? പുരോഹിതൻ
3. ആത്മീയ തീർത്ഥാടനത്തിൽ നിന്റെ കൂടെ നിന്ന് നിന്നെ വളർത്തിയത് ആരാണ്? പുരോഹിതൻ
4. കർത്താവിന്റെ രക്തത്താൽ നിന്നെ കഴുകി തമ്പുരാന്റെ മുന്നിൽ നിർത്തുവാൻ നിന്നെ യോഗ്യനാക്കിയത് ആരാണ്? പുരോഹിതൻ
5. മരണക്കിടക്കയിൽ നിനക്ക് ശാന്തിയും സമാധാനവും നൽകുന്നവൻ ആരാണ്? പുരോഹിതൻ
6. പുരോഹിതർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ആദരിക്കാം, ശക്തിപ്പെടുത്താം കൂടെ നിൽക്കാം.

# STD - X

## അദ്ധ്യാപക സഹായി

**പാഠം – ഒമ്പത്** **ഭാഗം – രണ്ട്**

## യുവജനങ്ങളും കൂട്ടായ്മയുടെ കൂദാശകളും

### ലക്ഷ്യം

സഭ നിയമങ്ങൾ അനുസരിച്ച് കൊണ്ടുള്ള വിവാഹജീവിതം. വിവാഹം ശാശ്വതവും പവിത്രവുമായ ബന്ധമാണ്. ദമ്പതികളുടെ പരസ്പരമുള്ള സ്വീകരണവും സമർപ്പ ണവുമാണ് വിവാഹം എന്ന കൂദാശയിലെ കാതലായ ഭാഗം.

വിശുദ്ധിയോടെയുള്ള ജീവിതം ക്രിസ്തീയ കുടുംബത്തിന്റെ ആധാരം എന്ന് ഉൾക്കൊണ്ട് ഭാവിയിൽ വിശുദ്ധിയോടെ ജീവിതം നയിക്കും.

### പഠനസഹായികൾ

* ബൈബിൾ: ഉല്പത്തി 1:27,28
* ചിത്രങ്ങൾ – വിവാഹമോതിരം, താലി, മന്ത്രകോടി, വിവാഹഫോട്ടോ.
* ക്രിസ്തുവിൽ വിവാഹിതരാകുമ്പോൾ – ചിത്രം

### പാഠത്തിന്റെ ഉള്ളടക്കം

* വിവാഹബന്ധം പവിത്രവും പരിശുദ്ധവും ആണെന്ന് വിശദമാക്കുകയാണ് ഈ പാഠം. വിവാഹം ഒരു ദൈവവിളിയാണ്. മാതൃകകുടുംബങ്ങൾ രൂപപ്പെടുത്താനുള്ള വിളി. കുടുംബം ദൈവത്താൽ സ്ഥാപിതമാണെന്നും മാതാപിതാക്കൾ ദൈവത്തിന്റെ ദാന മാണെന്നും കുട്ടികളെ ബോധ്യപ്പെടുത്തണം. മാതാപിതാക്കളും മക്കളും പരസ്പരം സ്നേഹിച്ചും ബഹുമാനിച്ചും ജീവിക്കുമ്പോഴാണ് നമ്മുടെ കുടുംബങ്ങൾ മാതൃക കുടുംബങ്ങൾ ആകുന്നത് എന്ന സന്ദേശം നൽകാനാവണം.
* വിവാഹം – വിവാഹം ഒരു കൂദാശ
* പൂർണ്ണ അറിവും സമ്മതവും
* ജ്ഞാനസ്നാനം സ്വീകരിച്ച പുരുഷനും സ്ത്രീയും
* ശാശ്വതവും പവിത്രവും ആയ ചടങ്ങ്.
* വിശ്വാസം സ്നേഹം വിശുദ്ധി
* വിവാഹത്തിന്റെ ഏകത്വവും അവിഭാജ്യതയും
* സൃഷ്ടികർമ്മം – കടമകൾ, മഹത്വം, സന്താനപുഷ്ടി
* വിവാഹം സാധുവാക്കുന്ന ഘടകങ്ങൾ
* വൈദികന്റെ സാന്നിധ്യവും ആശീർവാദവും

* വിവാഹമോചനം സഭ പ്രോത്സാഹിപ്പിക്കുന്നില്ല
* രക്തബന്ധമുള്ളവർ തമ്മിൽ വിവാഹം പാടില്ല
* സഭയും രാഷ്ട്രവും നിർദ്ദേശിക്കുന്ന പ്രായം പുരുഷൻ 21, സ്ത്രീ-18

## പ്രാർത്ഥന

എല്ലാം അറിയുന്നവനായ സ്നേഹപിതാവേ, ഞങ്ങളുടെ കുടുംബങ്ങളെ അനുഗ്രഹിക്കണമേ. എന്നെക്കുറിച്ചുള്ള ഏറ്റവും നല്ല പദ്ധതി അങ്ങയുടെ പക്കൽ ആണല്ലോ. അങ്ങേ തിരുഹിതമനുസരിച്ച് ഉചിതമായ സമയത്ത് എന്റെ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ കൃപ നൽകിയാലും. ദൈവവചനത്തിലൂടെയും എനിക്ക് ഉപദേശം നൽകുന്നവരിലൂടെയും അങ്ങ് സംസാരിച്ചാലും. ആമേൻ.

## ചോദ്യങ്ങൾ

1. എന്താണ് ശുശ്രൂഷാ പൗരോഹിത്യവും പൊതു പൗരോഹിത്യവും. ശുശ്രൂഷാ പൗരോഹിത്യത്തിന്റെ ത്രിവിധ ദൗത്യങ്ങൾ?
2. രക്ഷാകര പദ്ധതിയിൽ വിവാഹത്തിനുള്ള പങ്ക്?
3. വിവാഹജീവിതത്തിൽ ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ
4. വിവാഹസമയത്ത് ദമ്പതികൾ പരസ്പരം എടുക്കുന്ന ഉടമ്പടി എഴുതുക
5. വിവാഹം എന്ന കൂദാശയുടെ ഫലങ്ങൾ ഏവ?

**NOTE:** നമ്മുടെ മുന്നിൽ പ്രേമക്കുരുക്കുകളിൽ വീണുപോയിരിക്കുന്ന മക്കൾ ഉണ്ടാകാം. അവരുടെ ഹൃദയത്തിലേക്ക് ദൈവവചനം പ്രാർത്ഥനയോടെ വിതയ്ക്കാനാവണം. പ്രഭാഷകന്റെ പുസ്തകം 25:1 ആദരണീയർ - ദൈവദൃഷ്ടിയിൽ മനോഹരമായ മൂന്ന് കാര്യങ്ങളിൽ ഒന്ന് ഭാര്യ ഭർത്താക്കന്മാർക്ക് പരസ്പരമുള്ള ലയം. ഈ ലയം നിങ്ങളുടെ ദാമ്പത്യജീവിതത്തിലും സംഭവിക്കും എന്ന് പറഞ്ഞുകൊടുക്കാം. ആരാണ് നിങ്ങളുടെ ജീവിതപങ്കാളി എന്ന് ഇപ്പോഴേ നിങ്ങൾ ഉത്കണ്ഠപെടേണ്ടതില്ല.

(ലവ് ജിഹാദ് പോലുള്ള കാര്യങ്ങൾക്കുനേരെ ജാഗ്രതയുള്ളവരാകണം)

തിരുവചനം ഓർമ്മിപ്പിക്കാം ഉത്തമഗീതം 8:4 സമയമാകും മുൻപ് നിങ്ങൾ പ്രേമത്തെ തട്ടിയുണർത്തരുതേ ഇളക്കി വിടരുതേ.

വിവാഹത്തിലൂടെ നിങ്ങളുടെ ജീവിതത്തിലേക്ക് കടന്നുവരാനുള്ള വ്യക്തിക്കുവേണ്ടി ദിവ്യമായ ചിന്തകളോടെ ഇടയ്ക്കൊക്കെ പ്രാർത്ഥിക്കുന്നത് നല്ലതാണ്. വിശുദ്ധിയോടെ ദാമ്പത്യജീവിതം ആരംഭിക്കാനും തുടരുവാനും ദൈവാനുഗ്രഹം കൂടിയേ തീരൂ. നിർമ്മല മനസ്സടെയുള്ള പ്രാർത്ഥനകളും ആഗ്രഹങ്ങളും നിങ്ങളുടെ ഭാവിജീവിതത്തെ അനുഗ്രഹപ്രദമാക്കും. ജീവിതപങ്കാളിയെ കണ്ടെത്താനുള്ള സമയമാകുമ്പോൾ എന്താണ് ആദ്യം ചെയ്യേണ്ടത്? തന്റെ പ്രിയപ്പെട്ടവർക്ക് ജീവിതസഖിയെ ദൈവം പ്രത്യേകം കണ്ടെത്തി

നൽകുന്നതായും ദൈവികപരിപാലന വിവാഹത്തിൽ പ്രവർത്തിക്കുന്നതായും ഉള്ള എത്രയെത്ര ഉദാഹരണങ്ങൾ വിശുദ്ധ ബൈബിളിൽ നമുക്ക് കാണാം. അതുകൊണ്ട് ദൈവത്തിന്റെ ഇഷ്ടത്തിനായി കാത്തിരിക്കുക. ഒരു വചനം ഓർമ്മിപ്പിക്കാം. പ്രഭാഷകൻ 26:3 ഉത്തമയായ ഭാര്യ മഹത്തായ അനുഗ്രഹമാണ്. കർത്താവിനെ ഭയപ്പെടുന്നവർക്ക് ലഭിക്കുന്ന ദാനങ്ങളിൽ ഒന്നാണ് അവൾ.

## പ്രവർത്തനം

* ഈ കാലയളവിൽ നമ്മുടെ ഇടയിൽ വിവാഹമോചനം നേടുന്നവരുടെ എണ്ണം വർധിച്ചിരിക്കുന്നു. നിങ്ങൾ ഇതിനെക്കുറിച്ച് എന്ത് വിലയിരുത്തുന്നു? ചർച്ചചെയ്ത് റിപ്പോർട്ട് തയ്യാറാക്കുക.

* വൈദികർ, സിസ്റ്റർ, മാതൃകാ കുടുംബജീവിതം നയിക്കുന്ന ദമ്പതികൾ - ഇവരെ ഒരുമിച്ചു വിളിച്ച് ചേർത്ത്, ദൈവവിളി, നിലനില്പ്, വെല്ലുവിളികൾ എന്നിവയെക്കുറിച്ച് ചോദ്യങ്ങൾ തയ്യാറാക്കി ഉത്തരം നേടാം.

അതിലൂടെ ഭാവിയിൽ ആരായിത്തീരണം എന്നതിനുത്തരം പ്രാർത്ഥനയിലൂടെ കണ്ടെത്തുവാനുള്ള തീരുമാനമെടുക്കുകയും ചെയ്യാം.